# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1206 　　03-12-2015 ൽ മറുപടിക്ക്

## ജീവനക്കാർക്കെതിരെയുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.എം. ഷാജി | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | തലസ്ഥാന നഗരിയിൽ ഓഫീസിലിരുന്ന് മദ്യപിച്ചതിനെ തുടർന്ന് വിദ്യാഭ്യാസ വകുപ്പിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട മൂന്നു ജീവനക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (എ) | തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായിരുന്ന ശ്രീ. എ.ഒ ജയകുമാറിനെതിരെ ചാർജ് മെമ്മോ നൽകുകയും ടിയാൻ സമർപ്പിച്ച വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. മറ്റുള്ളവർക്കെതിരെ ചാർജ്ജ് മെമ്മോ നൽകുകയും അവരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്ത കേസിലെ അനന്തര നടപടികൾ എന്തെല്ലാമാണ് ; | (ബി) | അന്വേഷണം നടന്നുവരുന്നു. |
| (സി) | പ്രസ്തുത ജീവനക്കാരുടെ സസ്പെൻഷൻ പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് പിൻവലിച്ചതെന്ന് വെളിപ്പെടുത്തുമോ? | (സി) | ശ്രീ. എ.ഒ ജയകുമാറിനെ, ടിയാൻ 30-09-2015 ൽ സേവനത്തിൽ നിന്നും വിരമിക്കുന്നത് കണക്കിലെടുത്ത് തുടരന്വേഷണത്തിനും അച്ചടക്ക നടപടികൾക്കും വിധേയമായി സേവനത്തിൽ പുനഃപ്രവേശിപ്പിച്ചു. മറ്റുള്ളവർക്കെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർ അച്ചടക്ക നടപടി തുടർന്നുകൊണ്ട് സേവനത്തിൽ പുനഃപ്രവേശിപ്പിച്ചു. |

സെക്ഷൻ ഓഫീസർ